ബയോടെക്നോളജിയുടെ വികസനം

20 (*380) ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ബയോടെക്നോളജിയുടെ വികസനത്തിന് വൻപിച്ച പ്രാധാന്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബയോടെക്നോളജിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ രംഗത്ത് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി)&(സി) കാർഷിക മേഖലയിൽ ബയോ ടെക്നോളജിയുടെ പ്രാധാന്യം കണക്കിലെടുത്ത് 1997-98 മുതൽ ''കാർഷിക മേഖലയിൽ നൂതന സാങ്കേതിക സംരഭങ്ങൾ'' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി വിദേശ വിപണിയിൽ നല്ല ഡിമാന്റുള്ള ഓർക്കിഡ്, ആന്തൂറിയം എന്നീ ചെടികളുടെയും ഫലവർഗ്ഗങ്ങളുടെയും നല്ല നടീൽവസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് കഴക്കൂട്ടത്ത് ആരംഭിക്കുന്ന ലാബിന്റെ നിർമ്മാണം പൂർത്തിയാക്കിവരുന്നു. കൃഷിവകുപ്പ് ഈ രംഗത്ത് ഏറ്റെടുക്കുന്ന ആദ്യ സംരംഭമാണിത്. ടിഷ്യൂ കൾച്ചർ ലാബുകൾ സ്ഥാപിക്കുന്നതിന് ഈ രംഗത്ത് നേട്ടങ്ങളുണ്ടാക്കിയവരെ സഹായിക്കുന്ന ഒരു പദ്ധതിയ്ക്കും രൂപംനൽകി നടപ്പിലാക്കുന്നു.

കശുമാവ് കൃഷിവികസന പദ്ധതി

21 (*381) ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി നടത്തുന്നുണ്ട്;

(ഡി) കശുമാവ് കൃഷിക്കാർക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കശുമാവ് ഉൽപ്പാദന വികസനത്തിനായി 'മിഷൻ ഓൺ കാഷ്യൂ' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ വിശദാംശം അറിയിക്കുമോ;

(ജി) ഉൽപ്പാദനക്ഷമതയുള്ള ജനിതക ഇനങ്ങളുടെ പ്രചരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ 85.94 ലക്ഷം രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതിയും 405 ലക്ഷം രൂപയുടെ സംസ്ഥാന പദ്ധതിയും നടപ്പിലാക്കുന്നു.

(സി) 94689 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷിചെയ്യുന്നു.

(ഡി) പുതിയ കശുമാവ് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും നിലവിലുള്ള തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും സഹായം നൽകുന്നു. അത്യുൽപ്പാദന ശേഷിയുള്ള നടീൽവസ്തുക്കൾ സൗജന്യനിരക്കിൽ നൽകുന്നതിനുപുറമേ, കീടനാശിനികൾ, രാസ-ജൈവവളങ്ങൾ, സ്പ്രേയറുകൾ എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നുണ്ട്. ആധുനിക രീതിയിലുള്ള കൃഷിയെ സംബന്ധിച്ചും സസ്യപരിപാലനത്തെ സംബന്ധിച്ചും കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്. അത്യുൽപ്പാദനശേഷിയുള്ള ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോജനി തോട്ടങ്ങൾ (നഴ്സറികൾ) സ്ഥാപിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നു.

പുതിയ കശുമാവ് തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഓരോ ഹെക്ടറിനും നൽകുന്ന സഹായത്തിന്റെ ധനപരമായ തോത് താഴെപ്പറയും പ്രകാരമാണ്.

ഒന്നാം വർഷം സഹായം	-	2100 രൂപ
രണ്ടാം വർഷം	-	1500 രൂപ
മൂന്നാം വർഷം	-	1700 രൂപ

പട്ടികവർഗ്ഗക്കാരായ കർഷകർക്ക് ഇത് യഥാക്രമം 2800, 2200, 2400 രൂപയാണ്.

പഴയ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സഹായം താഴെ വിവരിക്കുന്നു.

ഒന്നാം വർഷ സഹായം	-	2800 രൂപ
രണ്ടാം വർഷം	-	2200 രൂപ
മൂന്നാം വർഷം	-	2400 രൂപ

(ഇ)&(എഫ്) കശുമാവ് കൃഷി വികസനത്തിനായി 'ടെക്നോളജി മിഷൻ ഓൺ കാഷ്യൂ' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശാനുസരണമാണ് കശുമാവ് കൃഷി വികസന പദ്ധതികൾക്ക് രൂപം നൽകുന്നത്.

(ജി) അത്യുൽപ്പാദന ശേഷിയുള്ള ജനിതക ഇനങ്ങളായ ആനക്കയം-1, മടക്കത്തറ-1, മടക്കത്തറ-2, കനകധന, പ്രിയങ്ക, ധനശ്രീ എന്നിവയുടെ ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നതിനായി അൻപത് പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കുന്നുണ്ട്. ഇതിനുവേണ്ടിവരുന്ന മാതൃവൃക്ഷ ഗ്രാഫ്റ്റുകൾ കാർഷിക സർവ്വകലാശാലയിൽ വാങ്ങി കർഷകർക്ക് നൽകുന്നതോടൊപ്പം ഗ്രാഫ്റ്റിംഗിൽ പരിശീലനം നൽകുകയും ചെയ്യുന്നു.

1137/2010.

LIBRARY ARCHIVES Kerala Legislative Assembly